B,

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

NO : 4105

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2593

19.07.2011 ൽ
മറുപടിക്ക്

## മുഖ്യമന്ത്രിയുടെ ഓഫീസ് പ്രവർത്തനം 24 മണിക്കൂറും ഇന്റർനെറ്റിൽ- പദ്ധതി

| ചോദ്യം<br>ശ്രീ . ബി.ഡി.ദേവസ്സി | ഉത്തരം<br>ശ്രീ ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
|---|---|
| (എ) മുഖ്യമന്ത്രിയുടെ ചേമ്പറിന്റേയും ഓഫീസിന്റെയും പ്രവർത്തനം പൊതുജനങ്ങൾക്ക് ഇന്റർനെറ്റിലൂടെ 24 മണിക്കൂറും കാണുന്നതിനുള്ള പ്രവർത്തനങ്ങളിലെ തുടക്കത്തിലെ പിഴവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)ഇല്ല |
| (ബി) രാത്രികാലങ്ങളിൽ വരുന്നവർക്ക് സെക്രട്ടേറിയറ്റിനുള്ളിൽ കടക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി)ഉണ്ട്, പ്രത്യേകസാഹചര്യങ്ങളിൽ മന്ത്രിമാരുടെ ഓഫീസുകളിൽ നിന്നും രേഖാമൂലമുള്ള നിർദ്ദേശപ്രകാരം ഓഫീസ് സമയത്തിനുശേഷവും പ്രവർത്തിക്കുന്ന ഓഫീസുകളിലേക്ക് പ്രവേശനം അനുവദിക്കുന്നതാണ് |
| (സി) ഫയലുകൾ യഥാസമയം നീങ്ങേണ്ട സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾ രാത്രികാലങ്ങളിൽ പ്രവർത്തിക്കാതെ മുഖ്യമന്ത്രിയുടെ ഓഫീസ് മാത്രം പ്രവർത്തിക്കുന്നതുകൊണ്ട് എന്താണ് പ്രയോജനമെന്ന് അറിയിക്കുമോ; | (സി)പൊതുജനങ്ങൾക്ക് 24 മണിക്കൂറും ഫോണിലൂടെ പരാതികൾ ബോധിപ്പിക്കാൻ കഴിയും. ഇപ്രകാരമുള്ള പരാതികൾ ഓൺ ലൈനിലൂടെ മന്ത്രിമാർ, വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് തലവൻമാർ, ജില്ലാതല ഓഫീസർമാർ എന്നിവർക്ക് എത്തിക്കുകയും 14 ദിവസങ്ങൾക്കുള്ളിൽ നടപടി സ്വീകരിച്ച് പരാതിക്കാരനെ അറിയിക്കുകയും ചെയ്യുന്ന സംവിധാനമാണ് ഏർപ്പെടുത്തുന്നത്. |
| (ഡി) ഇതിനായി എത്ര സ്റ്റാഫിനെ പുതുതായി നിയമിക്കുകയുണ്ടായി; അതിന് പ്രതിമാസം എത്ര രൂപ അധിക ബാദ്ധ്യത വരും; പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ; | (ഡി)9940-16580 രൂപ ശമ്പളസ്കെയിലിൽ ലോവർ ഡിവിഷൻ ക്ലാർക്കിന്റെ 6 തസ്തിക (കോൺട്രാക്ട് അടിസ്ഥാനത്തിൽ), 8500-13210 രൂപ ശമ്പളസ്കെയിലിൽ 3 ശിപായി തസ്തികകൾ(കോൺട്രാക്ട് അടിസ്ഥാനത്തിൽ) 18740-33680 രൂപ ശമ്പളസ്കെയിലിൽ 3 സെക്ഷൻ ഓഫീസർ തസ്തിക( ഡെപ്യൂട്ടേഷൻ/വർക്കിംഗ് അറേഞ്ച്മെന്റിൽ)എന്നിവ സൃഷ്ടിച്ചിട്ടുണ്ട്. |
| (ഇ) ഓൺലൈൻ സംവിധാനങ്ങൾ സാർവത്രികമായ സാഹചര്യത്തിൽ പ്രസ്തുത ഓഫീസ് പ്രവർത്തനം മുഖ്യമന്ത്രിയുടെ ഓഫീസിലെ ഒരു വിംഗിനു തന്നെ ഏല്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഇ) മുഖ്യമന്ത്രിയുടെ ഓഫീസിന്റെ ഭാഗമായിട്ടാണ് കാൾ സെന്റർ പ്രവർത്തിയ്ക്കുന്നത് |

| | |
|---|---|
| (എഫ്) മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ പ്രവർത്തിക്കുന്നതുകൊണ്ട് ജനങ്ങൾക്ക് പ്രയോജനമുണ്ടാകുമോ; | (എഫ്) മുൻ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ |
| (എച്ച്) സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥൻമാർ കൃത്യസമയത്ത് വരുകയും പോവുകയും ഡ്യൂട്ടിസമയത്ത് പൂർണ്ണമായും സീറ്റിൽ ഉണ്ടാകുകയും ചെയ്യുന്നതായി ഉറപ്പുവരുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; മുൻകാലങ്ങളിലുണ്ടായിരുന്നത് പോലെ പഞ്ചിംഗ് സമ്പ്രദായം കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എച്ച്)സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട് |
| (ഐ) ഗവൺമെന്റ് സെക്രട്ടേറിയറ്റ് മുതൽ വില്ലേജ് ഓഫീസ് വരെയുള്ള ആഫീസുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | (ഐ) നടപടികൾ സ്വീകരിക്കുന്നതാണ് |
| (ജെ)മുഖ്യമന്ത്രിയുടെ പത്രസമ്മേളനങ്ങളും മറ്റും ദൃശ്യമാധ്യമങ്ങൾ തത്സമയം സംപ്രേക്ഷണം ചെയ്യുമ്പോൾ ശബ്ദമില്ലാത്ത ഇന്റർനെറ്റ് പ്രക്ഷേപണത്തിന് എന്ത് സുതാര്യതയാണുള്ളതെന്ന് വ്യക്തമാക്കുമോ? | (ജെ)മുഖ്യമന്ത്രിയുടെ ഓഫീസിന്റെ പ്രവർത്തനം തത്സമയം പൊതുജനങ്ങൾക്ക് വീക്ഷിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ